മി.സ്പീക്കർ: ഓർഡർ.....ഓർഡർ..... നമ്മൾ സഭ ആരംഭിച്ച് കുറച്ച് കഴിഞ്ഞപ്പോൾ റയിൽവേ ബഡ്ജറ്റിനെ സംബന്ധിച്ച അടിയന്തിരപ്രമേയം കൊണ്ടുവന്നു. അതിന്റെ പ്രതികരണത്തിൽ സഭാനേതാവ് സൂചിപ്പിച്ചതുപോലെ ബന്ധപ്പെട്ട എല്ലാ കക്ഷിനേതാക്കളുടെയും യോഗം ചേർന്ന് ഒരു സമവായത്തിന്റെ അടിസ്ഥാനത്തിൽ ഏകകണ്ഠമായി ഒരു പ്രമേയം അവതരിപ്പിക്കുക എന്ന തീരുമാനത്തിലാണ് എത്തിയത്. നന്ദയോട് പരിഗണന കാണിച്ചതിന് നന്ദി രേഖപ്പെടുത്തുകയും അവഗണന കാണിച്ചതിന് പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്യുന്ന നടപടി ഒരേ സഭയിൽ തന്നെ നടത്തുന്ന രസകരമായ ഒരു വശമാണ് കണ്ടത്. ഈ പ്രമേയം അവതരിപ്പിക്കാൻ മുഖ്യമന്ത്രിയെ ക്ഷണിക്കുന്നു.

XI. പ്രമേയം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങളോട് കാണിച്ച അവഗണനയിൽ ഈ സഭ ശക്തിയായി പ്രതിഷേധിക്കുന്നു. സംസ്ഥാനം ഉന്നയിച്ച ന്യായമായ ആവശ്യങ്ങൾ പരിഗണിച്ചില്ല എന്നുമാത്രമല്ല തികച്ചും നിരാശാജനകമായ നിലപാടാണ് കൈക്കൊണ്ടത്. ഇതുമൂലം തുടർന്നുകൊണ്ടിരിക്കുന്ന പണികൾപോലും സ്തംഭിക്കുന്ന നിലയിൽ എത്തിയിരിക്കുകയാണ്. കേരളത്തിന് പ്രത്യേക റെയിൽവേ സോൺ എന്ന ആവശ്യം സംസ്ഥാനത്തെ റെയിൽവേ വികസനത്തിന് അത്യന്താപേക്ഷിതമാണ്. ഏറ്റവുമധികം വരുമാനം ഇൻഡ്യൻ റെയിൽവേക്ക് നൽകുന്ന ദീർഘദൂര യാത്രക്കാർ ഏറെയുള്ള കേരളത്തിന്റെ ഈ ആവശ്യം അംഗീകരിക്കണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു. ഗേജ് കൺവേർഷനും പാത ഇരട്ടിപ്പിക്കലും നടക്കാതെ ഇനി മുന്നോട്ടുനീങ്ങാൻ കഴിയാതെ വന്നിരിക്കുന്ന സാഹചര്യം കണക്കിലെടുത്തേ മതിയാകൂ. അതിനാൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾക്ക് കൂടുതൽ തുക അനുവദിക്കുകയും പുതിയ പണികൾക്ക് അടിയന്തിരമായി അനുമതി നൽകുകയും വേണം. 46 തീവണ്ടികൾ പുതുതായി അനുവദിച്ചപ്പോൾ കേരളത്തെ പാടെ അവഗണിച്ചു. നിലവിലുള്ള കേരള എക്സ്പ്രസ്സിന് പുറമെ തിരുവനന്തപുരത്തുനിന്നും ചണ്ഡിഗഢിന് പുതിയ സൂപ്പർ ഫാസ്റ്റ് ട്രെയിൻ ആരംഭിക്കുക, ആഴ്ചയിൽ രണ്ടു ദിവസം സർവ്വീസ് നടത്തുന്ന മാവേലി എക്സ്പ്രസ്സ് പ്രതിദിന ട്രെയിനായി കൺവെർട്ട് ചെയ്യുക, ബാംഗ്ലൂർ-കൊച്ചി ട്രെയിൻ ആരംഭിക്കുക, തിരുവനന്തപുരം-കണ്ണൂർ എക്സ്പ്രസ്സ് കാസർഗോഡ് വരെ നീട്ടുക എന്നിവ സംസ്ഥാനത്തെ ദീർഘദൂരയാത്രക്കാരുടെ ചിരകാല ആവശ്യങ്ങളാണ്. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പ്രവർത്തികമാകുന്നതോടെ ചരക്കു ഗതാഗതത്തിൽ ഉണ്ടാകുന്ന വർദ്ധനകൂടി കണക്കിലെടുത്ത് പുതിയ സർവ്വേ ആരംഭിക്കുന്നതിന് നടപടി എടുക്കുന്നതോടൊപ്പം നിലവിലുള്ള സർവ്വേക്ക് കൂടുതൽ പണം നീക്കിവയ്ക്കുകയും കൊട്ടാരക്കര-അടൂർ-ചെങ്ങന്നൂർ-നഞ്ചൻഗുഡ്-നിലമ്പൂർ ലൈനുകൾക്കുള്ള സർവ്വേ ആരംഭിക്കുന്നതിന് അനുമതി ലഭിക്കുകയും വേണം. പണി നടന്നുകൊണ്ടിരിക്കുന്ന മേൽപ്പാലങ്ങളുടെ പൂർത്തീകരണത്തിനും പുതിയ മേൽപ്പാലങ്ങൾക്കുമായി വക കൊള്ളിച്ചിരിക്കുന്ന തുകയിൽ ആവശ്യമായ വർദ്ധനവ് ഉണ്ടാകണമെന്ന് ആവശ്യപ്പെടുന്നു. പ്രധാനമന്ത്രിയുടെയും കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിയുടെയും സംസ്ഥാന സന്ദർശനവേളയിലും ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഫെബ്രുവരി 15, 16 തീയതികളിൽ പ്രധാനമന്ത്രി കൊച്ചി സന്ദർശിച്ച സന്ദർഭത്തിൽ സംസ്ഥാന മന്ത്രിസഭയും സംസ്ഥാനത്തുനിന്നുള്ള എം.പി.മാരും ഇക്കാര്യം വീണ്ടും ഉന്നയിച്ചിരുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം അതീവ ഗുരുതരമായ ഈ പ്രശ്നം അതിന്റെ ഗൗരവത്തിൽ തന്നെ കണക്കാക്കി അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. ഈ പ്രമേയം ഐകകണ്ഠ്യേന അംഗീകരിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്. ഈ പ്രമേയത്തിലെ ആശയങ്ങൾ എല്ലാം നടപ്പിലാക്കുന്നതിനുവേണ്ടി ഒരു ആൾ പാർട്ടി ഡെലിഗേഷൻ പ്രധാനമന്ത്രിയേയും കേന്ദ്ര റെയിൽവേ മന്ത്രിയെയും നേരിട്ടുപോയി കണ്ട് നിവേദനം കൊടുക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : ഈ പ്രമേയത്തെ ശക്തിയായി പിൻതാങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ ഏകകണ്ഠമായി അംഗീകരിക്കുന്നു.

XII. അറിയിപ്പ്

മി.സ്പീക്കർ: കേന്ദ്ര ഗവൺമെന്റ് നടപ്പാക്കുന്ന സാർവ്വത്രിക മന്തുരോഗ നിവാരണ പദ്ധതിയുടെ ഭാഗമായി കേരളത്തിലെല്ലാവർക്കും ഡി. ഇ. സി. ഗുളികകൾ നൽകുന്ന പരിപാടിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾക്ക് വിശദീകരണം നൽകുന്നതിനായി മെഡിക്കൽ രംഗത്തെ വിദഗ്ദ്ധർകൂടി പങ്കെടുക്കുന്ന ഒരു യോഗം വൈകിട്ട് 7.00 മണിക്ക് നിയമസഭാ മന്ദിരത്തിലെ മെമ്പേഴ്സ് ലോഞ്ചിൽ ചേരുന്നതാണ്. എല്ലാ അംഗങ്ങളും അതിൽ പങ്കെടുക്കണം.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2005, മാർച്ച് 1 ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്കുശേഷം 2.40-ന് പിരിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly